സാമൂഹ്യ സുരക്ഷാ മിഷനിലെ അഴിമതി

287 (3267) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യസുരക്ഷാമിഷനിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതിയെ കുറിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരാതികൾ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത് ;

(ഡി) ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ അഴിമതി നടക്കുന്നുവെന്ന് ആരോപിച്ച് കേരള സാമൂഹ്യസുരക്ഷാ മിഷൻ എംപ്ലോയീസ് അസോസിയേഷൻ എന്ന സംഘടന പരാതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'കാരുണ്യത്തിന്റെ കൈനീട്ടം' എന്ന പേരിൽ നടത്തിയ സ്റ്റാമ്പ് വിൽപ്പന സംബന്ധിച്ചും ഓഫീസ് വാഹനങ്ങളുടെ ഉപയോഗം, കോക്ലിയർ ഇംപ്ലാന്റുകളുടെ വാങ്ങൽ, എക്സിക്യൂട്ടീവ് ഡയറക്ടറുടെ യാത്രാബത്ത തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ചാണ് ധനകാര്യ വകുപ്പും കേരള ലോകായുക്തയും പ്രധാനമായും അന്വേഷണം നടത്തിയത്. മിഷനിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന കരാർ നിയമനം നടത്താത്തതു സംബന്ധിച്ചാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് അന്വേഷണം നടത്തിയത്. ധനകാര്യ (പരിശോധന വിഭാഗം) വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിലും നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടിലും തുടർ നടപടികൾക്കായി ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി&ഇ) ആരെയും ക്രമക്കേടുകൾക്ക് ഉത്തരവാദിയായി കണ്ടെത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly